**"CORRUPTION, A CRIME AGAINST NATION"**

**വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം 695033**
**E-mail:vig.vacb@kerala.gov.in**
**ഫോൺ നം. 0471-2305393**
**തീയതി 23.04.2024**

# "കൈക്കൂലി വാങ്ങിയ വില്ലേജ് ഓഫീസറെയും വില്ലേജ് ഫീൽഡ് അസിസ്റ്റന്റിനെയും കഠിന തടവിന് ശിക്ഷിച്ചു."

2014-ൽ വസ്തു പോക്കുവരവ് ചെയ്യുന്നതിന് 15,000/- രൂപ കൈക്കൂലി വാങ്ങിയ കേസ്സിൽ അന്നത്തെ തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട കുളത്തുമ്മൽ വില്ലേജ് ഓഫീസറെയും വില്ലേജ് ഫീൽഡ് അസിസ്റ്റന്റിനെയും തിരുവനന്തപുരം വിജിലൻസ് കോടതി ഇന്ന് (23/04/2024) കഠിന തടവിന് ശിക്ഷിച്ചു.

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട സ്വദേശിയായ പരാതിക്കാരനായ ശ്രീ. രാജേന്ദ്രന്റെ സഹോദരിയുടെ വസ്തു പോക്കു വരവ് ചെയ്യുന്നതിന് 2014 ജൂലൈ മാസം 23 തിയതി കുളത്തുമ്മൽ വില്ലേജ് ഓഫീസിൽ വച്ച് 10,000/- രൂപ കൈക്കൂലി വാങ്ങിയ അന്നത്തെ വില്ലേജ് ഓഫീസറായ മറിയ സിസിലിയെയും, 5,000/- രൂപ കൈക്കൂലി വാങ്ങിയ വില്ലേജ് ഫീൽഡ് അസിസ്റ്റന്റായിരുന്ന സന്തോഷ്.എസ്സ് നെയും കൈയ്യോടെ പിടികൂടിയതിലേക്ക് തിരുവനന്തപുരം വിജിലൻസ് തെക്കൻ മേഖല ഡി.വൈ.എസ്.പി യായിരുന്ന ശ്രീ. അശോകൻ. എ രജിസ്റ്റർ ചെയ്ത കേസ്സിലാണ് തിരുവനന്തപുരം വിജിലൻസ് കോടതി ഇന്ന് ശിക്ഷ വിധിച്ചത്. വില്ലേജ് ഓഫീസറായിരുന്ന മറിയ സിസിലിയെയും, വില്ലേജ് ഫീൽഡ് അസിസ്റ്റന്റായിരുന്ന സന്തോഷ്.എസ്സ് നെയും വിവിധ വകുപ്പുകളിലായി 9 വർഷം വീതം കഠിന തടവിനും 40,000/-രൂപ വീതം പിഴ ഒടുക്കുന്നതിനുമാണ് തിരുവനന്തപുരം വിജിലൻസ് കോടതി ജഡ്ജ് രാജകുമാര എം.വി ശിക്ഷിച്ചത്. ഒന്നാം പ്രതിയായ മറിയ

സിസിലിയെ റിമാന്റ് ചെയ്ത് അട്ടക്കുളങ്ങര വനിത ജയിലിലും രണ്ടാം പ്രതിയായ സന്തോഷിനെ പൂജപ്പുര സെൻട്രൽ ജയിലിലും അടച്ചു.

തിരുവനന്തപുരം വിജിലൻസ് തെക്കൻ മേഖല ഡി.വൈ.എസ്.പി യായിരുന്ന ശ്രീ. അശോകൻ. എ അന്വേഷണം നടത്തി കുറ്റപത്രം നൽകി.

പ്രോസിക്യൂഷനുവേണ്ടി വിജിലൻസ് പബ്ലിക് പ്രോസിക്യൂട്ടർ ശ്രീമതി വീണ സതീശൻ ഹാജരായി.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. ടി. കെ . വിനോദ് കുമാർ. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു.